(സി) ഇതിൽ കുറ്റവാളികളെ കണ്ടുപിടിക്കാൻ സഹായിക്കുന്ന ആധുനിക സാമഗ്രികൾ ഘടിപ്പിച്ചിട്ടുള്ളവയെത്രയെണ്ണം ;

(ഡി) ഇതിനായി എന്തുതുക ചെലവായി ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പോലീസ് വകുപ്പിൽ ഈ വർഷം (2003-2004) വാഹനങ്ങൾ ഒന്നും വാങ്ങിയിട്ടില്ല. എന്നാൽ 2002-03 വർഷങ്ങളിലെ മോഡേണൈസേഷൻ സ്കീമിൽ ഉൾപ്പെട്ട ഇനത്തിൽ 237 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

(ബി)

1.	അംബാസിഡർ കാർ	-	20 എണ്ണം
2.	വാട്ടർ ടാങ്കർ	-	3 എണ്ണം
3.	ഹെവി ബസ്സ്	-	64 എണ്ണം
4.	നാലുവീൽ ഡ്രൈവ് ഡീസൽ ജീപ്പുകൾ	-	20 എണ്ണം
5.	രണ്ടുവീൽ ഡ്രൈവ് ഡീസൽ ജീപ്പുകൾ	-	120 എണ്ണം
6.	10 സീറ്റുള്ള ജീപ്പ് (ക്വാളിസ്)	-	10 എണ്ണം
	ആകെ	-	237 എണ്ണം

(സി) ഈ വാഹനങ്ങളിൽ ആധുനിക കമ്മ്യൂണിക്കേഷൻ ഉപകരണം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഇതിലെ ചില വാഹനങ്ങളിൽ സെർച്ച് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

(ഡി) (സി) പിരിവിന്റെ മറുപടിയിൽ പ്രതിപാദിച്ചിട്ടുള്ള വാഹനങ്ങൾ വാങ്ങുന്നതിന് 10,46,19,110 രൂപ ഇതുവരെ ചെലവായിട്ടുണ്ട്.

സ്വകാര്യ റിസോർട്ടിന് പോലീസ് സംരക്ഷണം

46 (1514) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് കൂട്ടക്കൊലയ്ക്കുശേഷം മുൻ ഡി.ജി.പി.യുടെ ബന്ധുക്കളുടെ വൈത്തിരിയിലെ സ്വകാര്യ റിസോർട്ടിന് പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രപേരെ സംരക്ഷണ ഡ്യൂട്ടിക്ക് നിയോഗിച്ചു ;

(സി) സ്വകാര്യ സ്ഥാപനങ്ങൾക്ക് പോലീസ് സംരക്ഷണം നൽകുന്നതിന് പ്രത്യേക വ്യവസ്ഥകളുണ്ടോ ; എങ്കിൽ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇപ്രകാരം വന്ന ചെലവ് വഹിച്ചത് സർക്കാരാണോ, സ്വകാര്യ റിസോർട്ടിന്റെ മാനേജ്മെന്റാണോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത ഇനത്തിൽ എത്ര രൂപ സർക്കാർ ചെലവുചെയ്തിട്ടുണ്ടെന്നും അത് റിസോർട്ട് മാനേജ്മെന്റിൽ നിന്നും ഇടാക്കിയിട്ടുണ്ടോ എന്നും വിശദമാക്കുമോ ?

ഉത്തരം

(എ) മാർച്ച് 17-ന് മുൻ ഡി.ജി.പി.യുടെ ബന്ധുക്കളുടെ വൈത്തിരിയിലുള്ള റിസോർട്ട് തകർത്തതുമായി ബന്ധപ്പെട്ട് പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിരുന്നു.

(ബി) ഒരു ഓഫീസറുടെ നേതൃത്വത്തിൽ ഒരു എച്ച്.സി., 3 പി.സി. എന്നിവരടങ്ങുന്ന സംഘത്തെ.

(സി) സ്വകാര്യ സ്ഥാപനങ്ങളിലോ, വീടുകളിലോ ആക്രമണമുണ്ടായാൽ ടി സ്ഥലങ്ങളിൽ വീണ്ടും ഒരു പ്രശ്നം ഉണ്ടാകില്ല എന്ന് ഉറപ്പുവരുത്തുന്നതു വരെ പോലീസ് സാന്നിദ്ധ്യം ആവശ്യമായി വരികയാണെങ്കിൽ പോലീസ് സംരക്ഷണം ഏർപ്പെടുത്താറുണ്ട്.

(ഡി&ഇ) പോലീസിന്റെ ക്രമസമാധാന പരിപാലനത്തിന്റെ ഭാഗമായാണ് ടി റിസോർട്ടിന് പോലീസ് സംരക്ഷണം ഏർപ്പെടുത്തിയത് എന്നതിനാൽ ആരിൽ നിന്നും ചാർജ്ജ് ഈടാക്കിയിട്ടില്ല.

മാധ്യമം ലേഖകൻ പി.കെ. പ്രകാശന്റെ വീട്ടിൽ റെയ്ഡ്

47 (1515) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാധ്യമം ദിനപ്പത്രത്തിന്റെ എറണാകുളം ജില്ലാ ലേഖകനായിരുന്ന പി.കെ. പ്രകാശന്റെ വീട്ടിൽ പോലീസ് അർദ്ധരാത്രിയിൽ റെയ്ഡ് നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംഭവം സംബന്ധിച്ച് പോലീസിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) ആരെയെങ്കിലും പ്രസ്തുത റെയ്ഡിൽ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ റെയ്ഡ് എന്നായിരുന്നുവെന്നും പ്രസ്തുത റെയ്ഡിന് ആധാരമായ സംഭവങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) റെയ്ഡ് നടത്തിയിട്ടില്ല. സി.പി.ഐ.(എം.എൽ.) പ്രവർത്തകനായ പി.കെ. പ്രകാശനെ എറണാകുളത്ത് നടന്ന ആഗോളനിക്ഷേപ സമ്മേളനം അലങ്കോലപ്പെടുത്താൻ സി.പി.ഐ.(എം.എൽ.) തീരുമാനിച്ചതായി അറിവ് ലഭിച്ചതിനെ തുടർന്ന് കുറുപ്പംപടി എസ്.ഐ.യും പാർട്ടിയും വീട്ടിൽ എത്തി അന്വേഷിച്ചിരുന്നു. പ്രകാശൻ വീട്ടിൽ ഇല്ലാതിരുന്നതിനാൽ മടങ്ങി പോയിട്ടുള്ളതുമാണ്.

(സി) പോലീസ് പാർട്ടി പ്രകാശിന്റെ വീടിനുള്ളിൽ പ്രവേശിക്കുകയോ റെയ്ഡ് നടത്തുകയോ ചെയ്തിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly